"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.17/ഡി.സി.1/2022/ തസ്വഭവ
തദ്ദേശ സ്വയം ഭരണ (ഡി സി ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 22-02-2022

<u>സർക്കുലർ</u>

വിഷയം:- തെരുവ് കച്ചവടക്കാർക്കായി നിലവിലുള്ള തെരുവ് കച്ചവട (ജീവനോപാധി സംരക്ഷണവും തെരുവ് കച്ചവട നിയന്ത്രണവും) ചട്ടം 2018 ഉം തെരുവ് കച്ചവട (ജീവനോപാധി സംരക്ഷണവും കച്ചവട നിയന്ത്രണവും ലൈസൻസിങ്) സ്കീം 2019 ഉം നടപ്പാക്കുന്നത് - സംബന്ധിച്ച്

സൂചന:- 1. 12.03.2018 -ലെ സ ഉ (പി ) നം 15 / 2018 /തസ്വഭവ നമ്പർ ഉത്തരവ്
2. 13.02.2019 -ലെ സ ഉ (പി ) നം 10/ 2019 /തസ്വഭവ നമ്പർ ഉത്തരവ്

**********************

തെരുവ് കച്ചവടക്കാരുടെ ജീവനോപാധി സംരക്ഷിക്കുന്നതിനും നഗരങ്ങളിലെ തെരുവ് കച്ചവടം നിയമം മൂലം നിയന്ത്രിക്കുന്നതിനുമായി 2014-ൽ കേന്ദ്ര തെരുവ് കച്ചവട (ജീവനോപാധി സംരക്ഷണവും തെരുവ് കച്ചവട നിയന്ത്രണവും) നിയമം നിലവിൽ വന്നു. പ്രസ്തുത നിയമം കേരളത്തിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി സൂചന 1 പ്രകാരം 2018-ൽ തെരുവ് കച്ചവട (ജീവനോപാധി സംരക്ഷണവും തെരുവ് കച്ചവട നിയന്ത്രണവും) ചട്ടവും, സൂചന 2 പ്രകാരം 2019-ൽ തെരുവ് കച്ചവട (ജീവനോപാധി സംരക്ഷണവും കച്ചവട നിയന്ത്രണവും ലൈസൻസിങ്) സ്കീമും വിജ്ഞാപനം ചെയ്തിട്ടുണ്ട്. മേൽ പറഞ്ഞ ചട്ടവും സ്കീമും പ്രകാരം നഗരസഭകൾ താഴെപ്പറയുന്ന നടപടികൾ അടിയന്തരമായി പൂർത്തിയാക്കേണ്ടതുണ്ട്.

i. തെരുവ് കച്ചവട (ജീവനോപാധി സംരക്ഷണവും തെരുവ് കച്ചവട നിയന്ത്രണവും) ചട്ടം അദ്ധ്യായം-2 പ്രകാരം എല്ലാ നഗരസഭകളിലും കോർപ്പറേഷനുകളിലും തെരഞ്ഞെടുപ്പ് നടത്തി നഗര തെരുവ് കച്ചവട സമിതികൾ രൂപീകരിക്കുക.

ii. സർവേയിൽ കണ്ടെത്തിയതും തെരുവ് കച്ചവട നിയമം/സ്കീം പ്രകാരം അർഹരായതുമായ എല്ലാ തെരുവ് കച്ചവടക്കാർക്കും കച്ചവട സർട്ടിഫിക്കറ്റും (വെൻഡിങ് സർട്ടിഫിക്കറ്റ്) തിരിച്ചറിയൽ കാർഡും (സ്കീം 2019, സെക്ഷൻ 4, 10) ലഭ്യമാക്കുകയും ഇത്തരത്തിൽ സർട്ടിഫിക്കറ്റ് ഓഫ് വെൻഡിങ് നൽകിയവരുടേയും നിരസിക്കപ്പെട്ടവരുടേയും പട്ടിക (കാരണം സഹിതം) ടൗൺ വെൻഡിങ് കമ്മിറ്റി അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തുകയും ചെയ്യുക.

iii. തെരുവ് കച്ചവട മേഖലകൾ കണ്ടെത്തി അംഗീകാരം നൽകുക. (സ്കീം 2019, സെക്ഷൻ 22)

iv. തെരുവ് കച്ചവട നിയമം 2014-ൽ അധ്യായം 10 സെക്ഷൻ 37ൽ പ്രതിപാദിക്കുന്ന പ്രകാരം തെരുവ് കച്ചവട നിയമാവലി (വെൻഡിങ് ബൈലോ) തയാറാക്കി വിജ്ഞാപനം ചെയ്യുക

v. തെരുവ് കച്ചവട സ്കീം 2019 സെക്ഷൻ 25 പ്രകാരം നഗര തെരുവ് കച്ചവട രേഖ (സ്ട്രീറ്റ് വെൻഡിങ് പ്ലാൻ ) തയ്യാറാക്കുക.

2. നഗരസഭകൾ നിയമംമൂലം തങ്ങളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിലും ഈ വിഷയത്തിൽ ബഹു. ഹൈക്കോടതി നിരീക്ഷണങ്ങൾ നടത്തിയിട്ടുള്ള സാഹചര്യത്തിലും താഴെ പറയുന്ന സമയക്രമ പ്രകാരം എല്ലാ നഗരസഭകളും/കോർപ്പറേഷനുകളും മേൽ പറഞ്ഞ പ്രവർത്തനങ്ങൾ അതീവ പ്രാധാന്യം നൽകി പൂർത്തീകരിക്കേണ്ടതാണ്.

| ക്രമ നമ്പർ | പ്രവർത്തനം | പൂർത്തീകരിക്കേണ്ട തീയതി |
|---|---|---|
| 1 | എല്ലാ നഗരസഭകളിലും കോർപ്പറേഷനുകളിലും തെരഞ്ഞെടുപ്പ് നടത്തി നഗര തെരുവ് കച്ചവട സമിതികൾ നിലവിൽ വരുക | 28.02.2022 |
| 2 | സർവേയിൽ കണ്ടെത്തിയതും തെരുവ് കച്ചവട നിയമം/സ്കീം പ്രകാരം അർഹരായതുമായ എല്ലാ തെരുവ് കച്ചവടക്കാർക്കും കച്ചവട സർട്ടിഫിക്കറ്റും (വെൻഡിംഗ് സർട്ടിഫിക്കറ്റ്) തിരിച്ചറിയൽ കാർഡും ലഭ്യമാക്കുക | 28.02.2022 |
| 3 | തെരുവ് കച്ചവട മേഖലകൾ കണ്ടെത്തി അംഗീകാരം നൽകി വെൻഡിങ് സോൺ പ്രഖ്യാപിക്കുക (സ്കീം 2019 സെക്ഷൻ 22) | 28.02.2022 |
| 4 | തെരുവ് കച്ചവട ഉപനിയമാവലി (സ്ട്രീറ്റ് വെൻഡിങ് ബൈലോ) തയ്യാറാക്കി വിജ്ഞാപനം ചെയ്യുക | 28.02.2022 |
| 5 | നഗര തെരുവ് കച്ചവട പദ്ധതിരേഖ (സ്ട്രീറ്റ് വെൻഡിങ് പ്ലാൻ) തയാറാക്കി അംഗീകാരം നൽകുക | 28.02.2022 |

3. മേൽ പ്രവർത്തനങ്ങളുടെ പുരോഗതി മോണിറ്റർ ചെയ്യുന്നതിന് നഗരസഭ ഹെൽത്ത് ഓഫീസർ/ സൂപ്പർവൈസർ /സൂപ്രണ്ട് പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി നിയമിക്കേണ്ടതും എല്ലാ ആഴ്ചയും നഗരസഭാ സെക്രട്ടറി റിവ്യൂ നടത്തി പുരോഗതി റിപ്പോർട്ട് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർക്കും നഗരകാര്യ ഡയറക്ടർക്കും ലഭ്യമാക്കേണ്ടതുമാണ്.

BIJU PRABHAKAR
SECRETARY

പകർപ്പ്

നഗരകാര്യ ഡയറക്ടർ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖാന്തരം)
എല്ലാ നഗരസഭാ അദ്ധ്യക്ഷർക്കും സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
ഡയറക്ടർ, ഐ & പി.ആർ.ഡി.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

Barikumar

സെക്ഷൻ ഓഫീസർ.